**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1605** **19-09-2025 - ൽ മറുപടിയ്ക്ക്**

**പതിച്ചു നൽകിയ ഭൂമി സംബന്ധിച്ച ആശയക്കുഴപ്പം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ വാണിജ്യ മേഖലയിൽ മുൻനിരയിൽ നിൽക്കുന്ന പല പട്ടണങ്ങളും 1960-ലെ വിവിധ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പതിച്ചുകൊടുത്ത ഭൂമിയിലാണ് നിലനിൽക്കുന്നതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ചില പട്ടണങ്ങളിലും വാണിജ്യ സ്ഥാപനങ്ങളുൾപ്പെടെ പതിച്ച് കൊടുത്ത ഭൂമിയിലാണ് നിലനിൽക്കുന്നത്. വീടിനും കൃഷിക്കുമാണ് ഭൂമി പതിച്ച് നൽകിയതെങ്കിലും കാലാന്തരത്തിൽ പട്ടണങ്ങൾ വികസിച്ചതോടെ വാണിജ്യസ്ഥാപനങ്ങൾ, ആശുപത്രികൾ, മറ്റു പൊതുസ്ഥാപനങ്ങൾ തുടങ്ങിയവ ഇത്തരം പട്ടയ ഭൂമിയിൽ നിർമ്മിക്കപ്പെട്ടു. |
| (ബി) | പലരിൽനിന്ന് കൈമാറിയാണ് ഭൂമി ഇപ്പോഴുള്ള കൈവശക്കാരന്റെ കൈയിലെത്തിയിട്ടുള്ളത് എന്നതിനാൽ പഴയ പട്ടയരേഖകൾ ഇവരുടെ കൈവശമില്ലാത്തതുകൊണ്ട് തങ്ങളുടെ ഭൂമി ഏത് നിയമപ്രകാരമുള്ളതാണെന്ന് കെട്ടിട ഉടമകൾക്കോ ഉദ്യോഗസ്ഥർക്കോ വ്യക്തമായ ധാരണയില്ലാത്ത നിരവധി കേസുകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ പട്ടയരേഖകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പു വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സ.ഉ(കൈ) നം.142/2025/റവ തീയതി 26.05.2025 -ാം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | ഇത്തരം കേസുകളിൽ ക്രമവൽക്കരണം സങ്കീർണ്ണമാകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമവത്കരണത്തിനായി തയ്യാറാക്കിയ ചട്ടം സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചു. നോട്ടിഫൈ ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. ചട്ടം പ്രകാരം ക്രമവൽക്കരിക്കാനുള്ള നടപടിക്രമം വളരെ ലളിതമായതിനാൽ സങ്കീർണ്ണമാകാനുള്ള സാധ്യതയില്ല. |

സെക്ഷൻ ഓഫീസർ